# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 412
### 26.04.2017 ലെ മറുപടിയ്ക്ക്

**<u>പൊതുമേഖലാ ബാങ്കുകൾ ഈടാക്കുന്ന അമിത സർവീസ് ചാർജ്</u>**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. അബ്ദുൽ ഹമീദ് പി. | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി ശ്രീ. റ്റി. എം. തോമസ് ഐസക്ക് |
| (എ) | പണംകൊണ്ടുള്ള ക്രയവിക്രയങ്ങൾ നിയമം മൂലം നിയന്ത്രിക്കുന്നതിലൂടെ ബാങ്കുകളെ ആശ്രയിക്കുന്നതിന് ജനങ്ങൾ നിർബന്ധിതരായിരിക്കുന്ന സാഹചര്യം മുതലെടുത്ത് എസ്.ബി.ഐ പോലുള്ള പൊതുമേഖലാബാങ്കുകൾ പോലും സർവീസ് ചാർജ്ജുകൾ വൻതോതിൽ വർദ്ധിപ്പിച്ച് ജനങ്ങളെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പ്രസ്തുത ചൂഷണരീതി താഴ്ന്ന വരുമാനമുള്ള വലിയൊരു ജനവിഭാഗത്തെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതിനാൽ അവർക്കായി സീറോ ബാലൻസ് ട്രഷറി സേവിംഗ്സ് അക്കൗണ്ടുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സംസ്ഥാനത്തെ എല്ലാ പൗരന്മാർക്കും ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് ഏതു ട്രഷറിയിലും തുടങ്ങാവുന്നതാണ്. ഇതിനു പ്രത്യേക നിയന്ത്രണങ്ങളൊന്നുമില്ല. 100 രൂപ മിനിമം ബാലൻസ് ആവശ്യമുള്ള ട്രഷറി സേവിങ്സ് ബാങ്ക് സംവിധാനമാണ് ട്രഷറിയിൽ നിലനിൽക്കുന്നത് . സീറോ ബാലൻസ് ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് സംവിധാനം ട്രഷറികളിൽ നിലവിലില്ല |
| (സി) | ട്രഷറി ബാങ്കിംഗ് ആധുനികവൽക്കരിക്കുന്നതിനും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് കൂടുതൽ ജനകീയമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | ട്രഷറി സേവിങ്സ് ബാങ്കിങ് സംവിധാനം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 1.11.2016 ൽ കോർ ബാങ്കിങ് സംവിധാനം നിലവിൽ വന്നു. ഇതിൻ പ്രകാരം ട്രഷറി സേവിങ്സ് ബാങ്ക് ചെക്കുകൾ ഏതു ട്രഷറിയിൽ നിന്ന് മാറിയെടുക്കുവാനും ട്രഷറി സേവിങ്സ് അക്കൗണ്ടിലേക്ക് ഏതു ട്രഷറിയിൽനിന്നും തുക |

| | | |
|---|---|---|
| | | അടയ്ക്കുവാനും സാധിക്കും. ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിൽനിന്നും ഐ.എഫ്.എസ് കോഡുള്ള ബാങ്കുകളിലേക്ക് തുക മാറ്റുവാൻ കഴിയും. ട്രഷറി സേവിങ്സ് ബാങ്കിന് ഇന്റർനെറ്റ് ബാങ്കിങ് സംവിധാനവും മൊബൈൽ ആപ്ലിക്കേഷനും കൊണ്ടുവരുന്നതിനുള്ള നടപടികൾ ഏറെക്കുറെ പൂർത്തിയായിക്കഴിഞ്ഞു. ഇത് പൂർത്തിയായാൽ യൂട്ടിലിറ്റി ചാർജ്ജുകളായ electricity, water charges മുതലായവയുടെ പേയ് മെന്റുകൾ ഈ സംവിധാനത്തിലൂടെ നടത്തുവാൻ കഴിയും. ഇത്തരത്തിലുള്ള പദ്ധതികളിലൂടെ ട്രഷറി സേവിങ്സ് ബാങ്ക് ആധുനിക വൽക്കരണ പ്രക്രിയയിൽ മുന്നോട്ട് പോയി കൂടുതൽ ജനകീയമാക്കുവാനും കഴിയും. |
| (ഡി) | സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് ബത്തകളും നിർബന്ധമായും ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിലൂടെ നൽകുന്നതിന് നടപടി സ്വീകരിച്ച് സംസ്ഥാന ട്രഷറിയുടെ ധന മിച്ചനില മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | സർക്കാർ ജീവനക്കാരിൽ നാല്പത്തയ്യായിരത്തോളം ജീവനക്കാർ ഇപ്പോൾ തന്നെ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് വഴിയാണ് ശമ്പളവും മറ്റ് അലവൻസുകളും മാറുന്നത്. ശമ്പളവും അലവൻസുകളും ഓപ് ഷണലായി ട്രഷറി സേവിങ്സ് ബാങ്ക് വഴി സ്വീകരിക്കുന്നതിന് ഗസറ്റഡ് ഓഫീസർമാർക്ക് നിലവിലുണ്ടായിരുന്ന സംവിധാനം നോൺ ഗസറ്റഡ് ഓഫീസർമാർക്ക് കൂടി വ്യാപിപ്പിച്ചുകൊണ്ട് 22.4.2017 ലെ സ.ഉ.(പി) നം.53/2017/ധന. ഉത്തരവ് പ്രകാരം അനുമതി നൽകിക്കഴിഞ്ഞു. സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളം നിർബന്ധമായും ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് വഴി നൽകിയശേഷം ബാങ്ക് എ.ടി.എം. വഴിയും അത് പിൻവലിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ